**കളക്ടറേറ്റിൽ പുതുതായി ആരംഭിച്ച വിശ്വാസ് ഓഫീസ് ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനംചെയ്യുന്നു**

# വിശ്വാസ് ഓഫീസ് ഉദ്ഘാടനം

**പാലക്കാട്:** കളക്ടറേറ്റിൽ പുതുതായി ആരംഭിച്ച വിശ്വാസ് ഓഫീസ് ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനംചെയ്തു. ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി ഒരുലക്ഷം രൂപ എം.എൽ.എ. അനുവദിച്ചു. കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷതവഹിച്ചു.

എ.ഡി.എം. കെ. ഗണേശൻ, മുൻ എം.എൽ.എ. കെ.എ. ചന്ദ്രൻ, ഡോ. ജോസ് പോൾ, ഇ. അഹമ്മദ് കബീർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ ആർ. മൃത്യുഞ്ജയൻ, വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ്, ജോയന്റ് സെക്രട്ടറി പ്രഫുൽദാസ് എന്നിവർ പങ്കെടുത്തു.




പാലക്കാട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിശ്വാസ് വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന സെമിനാർ ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യുന്നു.

# ‘കുട്ടികൾക്ക് നല്ല ബാല്യം സമ്മാനിക്കാൻ രക്ഷിതാക്കൾ ബാധ്യസ്ഥർ’

## രക്ഷിതാക്കൾ കുട്ടികളോടൊപ്പം കുറച്ചു നേരം ചെലവഴിക്കണം

പാലക്കാട് ● കുടുംബം നന്നായാൽ കുട്ടികൾ നന്നാകും; സമൂഹവും. രക്ഷിതാക്കൾ കുട്ടികളോടൊപ്പം കുറച്ചു നേരം ചെലവഴിച്ചാൽ മാത്രം മതി. എല്ലാ പ്രശ്നവും പരിഹരിക്കാൻ. ഇതിനു നമ്മൾക്കു കഴിയണം; കുട്ടികൾക്കു നല്ലൊരു ബാല്യം നൽകുന്നതോടൊപ്പം കരുത്തുറ്റ രാഷ്ട്ര നിർമിതിക്കു വേണ്ടി. കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസിന്റെ ‘നീതിതേടുന്ന ബാല്യ കൗമാരങ്ങൾ’ സെമിനാർ എല്ലാ നിലയ്ക്കും അർത്ഥ പൂർണമായി.

കുറ്റം ചെയ്യുന്ന കുട്ടികൾ കുറ്റവാളികളല്ല. ‘നിയമവുമായി പൊരുത്തപ്പെടാത്തവരാണിവർ’. ഇവരുടെ കുറ്റങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. മൂന്നിനും അഞ്ചിനും ഇടയിൽ പ്രായമുള്ളവരുടെ കുറ്റങ്ങൾ, പെറ്റികേസ്. അഞ്ചു മുതൽ ഏഴുവയസ്സുവരെ ഗൗരവമുള്ളത്. ഏഴിനു മുകളിലുള്ളത് ക്രൂരമായ ഇനത്തിലും പെടും. ദുർഗുണ പാഠശാലകളും ജുവനൈൽ ശിക്ഷകളും കുട്ടികൾക്കുണ്ടെങ്കിലും പീഡനം, കൊലപാതകം എന്നീ കുറ്റങ്ങളിൽ തക്കതായ ശിക്ഷ വേണമെന്നു സെമിനാർ വിലയിരുത്തി. കുടുംബത്തിൽ നിന്നാണു കുട്ടികളിലെ കുറ്റ വാസനയുടെ തുടക്കം. ഇതില്ലാതാക്കാൻ കുട്ടികൾക്കു അവരുടെതായ കുട്ടിക്കാലം കൊടുക്കണമെന്നു സെമിനാർ ഉദ്ഘാടനം ചെയ്ത ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ പറഞ്ഞു. മൂന്നു മുതൽ അഞ്ചു വയസ്സുവരെയുള്ള പ്രായം അറിവിന്റെ ആദ്യ പടിയാണ്. രക്ഷിതാക്കൾ, മുത്തശ്ശി, മുത്തച്ഛൻ എന്നിവരുടെ ശ്രദ്ധ ആവശ്യമായ കാലഘട്ടമാണെന്നും അദ്ദേഹം പറഞ്ഞു.

കുറ്റങ്ങളുടെ ഗൗരവം അനുസരിച്ചു കുട്ടികൾക്കു ശിക്ഷ നൽകണം. മാനസികാവസ്ഥ, ചിന്താഗതികൾ എന്നിവ പരിശോധിക്കണമെന്നും സെമിനാർ അഭിപ്രായപ്പെട്ടു. വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് അധ്യക്ഷനായി. സെക്രട്ടറി അഡ്വ. പി. പ്രേംനാഥ്, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗം സ്മിത സതീഷ്, ശിശുക്ഷേമ സമിതി ചെയർമാൻ ഡോ. ജോസ് പോൾ, സാമൂഹിക നീതി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സി. സുന്ദരി, ജില്ലാ ലീഗൽ ഓഫിസർ അഡ്വ. അപർണ, അഡ്വ. സി. പ്രകാശ് പ്രസംഗിച്ചു.

# 'വിശ്വാസ്' ഓഫീസ് നാളെ തുറക്കും

**പാലക്കാട്:** കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ സഹായിക്കാനായി രൂപവത്കരിച്ച 'വിശ്വാസ്' എന്ന സംഘടനയുടെ ഓഫീസ് ജനവരി രണ്ടിന് സിവിൽസ്റ്റേഷനിൽ തുറക്കുന്നു. വൈകീട്ട് നാലിന് ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷതവഹിക്കും.

സ്ത്രീധനപീഡനത്തിനിരയായ ഒരമ്മയുടെ മൂന്ന് പെൺമക്കളുടെ മൂന്ന് വർഷത്തേക്കുള്ള പഠനച്ചെലവുകൾ വിശ്വാസ് ഏറ്റെടുക്കുന്നതിന്റെ രേഖ ചടങ്ങിൽ കൈമാറും.

ഒന്നാംവാർഷികം ആഘോഷിക്കുന്ന വിശ്വാസിന്റെ ഹെൽപ്‌ലൈനിലേക്ക് ഇതേവരെ ആയിരത്തിലധികം ഫോൺ കോളുകൾ വന്നുകഴിഞ്ഞെന്ന് സെക്രട്ടറി പി. പ്രേംനാഥ് പത്രസമ്മേളനത്തിൽ പറഞ്ഞു.

വൈസ്പ്രസിഡന്റ് വി.പി. കുര്യാക്കോസ്, മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഫാ. ഡോ. ജോസ്പോൾ, ബി. ജയരാജൻ, അഡ്വ. എസ്. ശാന്താദേവി എന്നിവരും പങ്കെടുത്തു.

അവകാശനിഷേധം, അധികാരദുർവിനിയോഗം എന്നിവയുടെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നവരെയും 'വിശ്വാസ്' സഹായിക്കും. ആസിഡ് വീണ് പൊള്ളലേറ്റ വാളയാർസ്വദേശി അൽഫോൻസയുടെ ചികിത്സാച്ചെലവുകൾക്കുള്ള മുഴുവൻ ധനസഹായവും 'വിശ്വാസ്' മുൻകൈയെടുത്താണ് സംഘടിപ്പിച്ചതെന്ന് സെക്രട്ടറി പറഞ്ഞു. വിശ്വാസ് ഹെൽപ്‌ലൈൻ നമ്പർ: 9400933444.

മാതൃഭൂമി
2016 • സെപ്റ്റംബർ 29 • വ്യാഴാഴ്ച
www.mathrubhumi.com/localnews

# നവീകരിച്ച ഓഫീസ് ഉദ്ഘാടനം ചെയ്തു

**പാലക്കാട്:** കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന വിശ്വാസിന്റെ നവീകരിച്ച ഓഫീസും വൈദ്യുതീകരണത്തിന്റെ സ്വിച്ച് ഓൺ കർമവും നടത്തി. കളക്ടർ പി. മേരിക്കുട്ടി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് അധ്യക്ഷനായി.

ചാർട്ടേഡ് അക്കൗണ്ടന്റ് ബി. ജയരാജൻ ചെയർമാനായ ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റാണ് ഓഫീസിന്റെ സൗജന്യ വൈദ്യുതീകരണം നടത്തിയത്.

അഡ്വ. ടി. റീന, അഡ്വ. എസ്. ശാന്തി, അഡ്വ. പി. പ്രേംനാഥ്, അഡ്വ. ഗിരീഷ് മേനോൻ, ഡോ. ജോസ് പോൾ എന്നിവർ സംസാരിച്ചു.



വിശ്വാസിന്റെ ഓഫീസും വൈദ്യുതീകരണത്തിന്റെ സ്വിച്ച് ഓൺ കർമവും കളക്ടർ പി. മേരിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു

കളക്ടറേറ്റിലെ ഓഫീസിൽ പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യ, സാമൂഹ്യസേവന, വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവർക്ക് ക്രൈം കൗൺസലിങ് പരിശീലനം നടത്തും. താത്പര്യമുള്ളവർ പേരും മേൽവിലാസവും 9400933444 എന്ന നമ്പറിലേക്ക് അയയ്ക്കണം.

# ജുവനൈൽ ജസ്റ്റിസ് ബോർഡിൽ മനഃശാസ്ത്രജ്ഞരെ ഉൾപ്പെടുത്തണം -സെമിനാർ

**പാലക്കാട്:** ജുവനൈൽ ജസ്റ്റിസ് ബോർഡ് മനഃശാസ്ത്രജ്ഞരെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കണമെന്ന് 'വിശ്വാസ്' സെമിനാർ. ബാലാവകാശ സംരക്ഷണനിയമത്തിന്റെ ഭേദഗതി കുട്ടികളെ എങ്ങനെ ബാധിക്കുമെന്ന ചർച്ചയിലാണ് അഭിപ്രായമുയർന്നത്.

നിലവിൽ ഒരു മജിസ്ട്രേറ്റും രണ്ട് സാമൂഹികപ്രവർത്തകരുമാണ് ബോർഡംഗങ്ങൾ. നിയമവുമായി സമരസപ്പെടാത്തതും സംരക്ഷണമാവശ്യമുള്ളതുമായ കുട്ടികളുൾപ്പെടുന്ന കേസുകളിൽ പ്രായവും മാനസികാവസ്ഥയും അടിസ്ഥാനമാക്കി വിശകലനത്തിന് മനഃശാസ്ത്രജ്ഞനും വേണ്ടതാണെന്നാണ് അഭിപ്രായമുയർന്നത്.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിശ്വാസ് നടത്തിയ 'നീതി തേടുന്ന ബാല്യകൗമാരങ്ങൾ' സെമിനാർ ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനംചെയ്തു.

കുട്ടികൾക്ക് നഷ്ടപ്പെടുന്ന കുട്ടിത്തവും ബാല്യവും തിരിച്ചുകൊടുക്കാൻ രക്ഷിതാക്കളും അധ്യാപകരും മനസ്സുവെക്കണമെന്ന് അദ്ദേഹം പറഞ്ഞു.

തൃശ്ശൂർ ജെ.ജെ.ബി. അംഗം സ്മിത സതീഷ് മുഖ്യപ്രഭാഷണം നടത്തി.

വി.പി. കുര്യാക്കോസ് അധ്യക്ഷനായി. വിശ്വാസ് സെക്രട്ടറി എ.പി.പി. പ്രേംനാഥ്, വൈസ് പ്രസിഡൻറ് അഡ്വ. എസ്. ശാന്താദേവി, സി.ഡബ്ല്യു.സി. ചെയർമാൻ ഫാ. ഡോ. ജോസ് പോൾ, ബിനാഗോവിന്ദ്, അഡ്വ. അപർണ, അഡ്വ. പി. ശ്രീപ്രകാശ്, അഡ്വ. റീന ജയ്ജിത്ത്, അഡ്വ. ബി. ജയരാജ് എന്നിവർ പ്രസംഗിച്ചു. വിവിധ സ്കൂളുകളിൽനിന്നുള്ള കുട്ടികൾ സെമിനാറിൽ സംസാരിച്ചു. ഇത്തരം കേസുകളിൽ ഇരകൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണ് 'വിശ്വാസ്'.

## നിയമത്തിൽ വധശിക്ഷ നിലനിർത്തണം -ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ

**പാലക്കാട് :** ഹീനമായ കുറ്റകൃത്യങ്ങളിൽ പ്രതികൾക്ക് വധശിക്ഷയോ ജീവപര്യന്തമോ നൽകണമെന്നുതന്നെയാണ് തന്റെ അഭിപ്രായമെന്ന് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ.

നിയമത്തിൽനിന്ന് വധശിക്ഷ എടുത്തുകളയരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡൽഹിയിലെ നിർഭയ സംഭവത്തിന്റെയും ബാലാവകാശസംരക്ഷണ നിയമത്തിന്റെ ഭേദഗതിയുടെയും പശ്ചാത്തലത്തിൽ 'വിശ്വാസ്' നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു.

ഇളവ് നൽകുന്നത് കുറ്റവാളികൾക്ക് ശിക്ഷയെക്കുറിച്ചുള്ള ഭയം ഇല്ലാതാക്കുകയും കുറ്റം ആവർത്തിക്കാൻ പ്രേരണയാവുകയും ചെയ്യും. ഡൽഹി സംഭവത്തിലെ പ്രായപൂർത്തിയാവാത്ത പ്രതിയെ കുട്ടിയായി കണക്കാക്കാനാവില്ല. മുതിർന്നവർപോലും ചെയ്യാൻ മടിക്കുന്ന ക്രൂരതയാണ് അയാൾ പെൺകുട്ടിയോട് ചെയ്തത്. ഇത്തരം കുറ്റങ്ങളിൽ കലൻഡർവെച്ചല്ല പ്രായം കണക്കാക്കേണ്ടത്. അതിന്റെ ഗൗരവമനുസരിച്ച് വധശിക്ഷയാണ് അർഹിക്കുന്നതെങ്കിൽ അതുതന്നെ നൽകണം. പകരം മൂന്നുവർഷത്തെ ഉപദേശവും പതിനായിരം രൂപയും നൽകി തോളിൽത്തട്ടിവിടുന്നത് തെറ്റായ സന്ദേശം നൽകും.

മനുഷ്യനെ നന്നാക്കാനുള്ള ശ്രമമാണ് വേണ്ടതെന്ന് പലരും വാദിക്കുന്നുണ്ട്. അതിനോട് വിയോജിപ്പില്ലെങ്കിലും ക്രിമിനൽ നിയമത്തിന്റെ പ്രധാനലക്ഷ്യം സമൂഹത്തെ കുറ്റവാളികളിൽ നിന്ന് രക്ഷിക്കലാണെന്ന് മറക്കരുത്. മറിച്ച് കുറ്റവാളിയെ സമൂഹത്തിൽനിന്ന് രക്ഷിക്കുകയെന്ന ഉദ്ദേശ്യത്തിലേക്ക് മാറുന്നത് അത്യന്തം അപകടകരമാണ്.

കൃത്യം, മാനസികാവസ്ഥ, പശ്ചാത്താപം എന്നിവയൊക്കെ പരിഗണിച്ചാണ് ശിക്ഷ നൽകേണ്ടത്. പ്രത്യേകിച്ച് ബലാത്സംഗക്കേസുകളിൽ കടുത്തശിക്ഷ ഉറപ്പാക്കണം. കൊലപാതകത്തെക്കാൾ ഭീകരമാണ് ബലാത്സംഗം. അതൊരു സ്ത്രീയുടെ ജീവിതത്തിലുണ്ടാക്കുന്ന പ്രത്യാഘാതം സങ്കല്പിക്കാൻ കഴിയാത്തതാണ്. കുറ്റവാളിയുടെ മനുഷ്യാവകാശത്തെക്കുറിച്ച് സംസാരിക്കുന്നവർ ഇരയുടെ അന്തസ്സിനും വേദനയ്ക്കും വിലകല്പിക്കുന്നില്ല.



വിശ്വാസ് നടത്തിയ 'നീതി തേടുന്ന ബാല്യകൗമാരങ്ങൾ' സെമിനാർ ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനംചെയ്യുന്നു

# 'വിശ്വാസ്' പാലക്കാട് സിവിൽ സ്റ്റേഷൻ ഓഫിസ് ഉദ്ഘാടനം നാളെ

പാലക്കാട് ● കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ സഹായിക്കാനും അവർക്കു മാർഗനിർദേശങ്ങൾ നൽകാനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച

'വിശ്വാസ്' ഒന്നാം വാർഷികം ആഘോഷിക്കുന്നു. ജില്ലാകലക്ടർ അധ്യക്ഷനായുള്ള വിശ്വാസ് കലക്ടറേറ്റിനുള്ളിൽ സ്വന്തമായി ഓഫിസ് തുറന്നാണു പിറന്നാൾ ആഘോഷം നടത്തുന്നത്. ഓഫിസ് നാളെ നാലിന് ഷാഫി പറമ്പിൽ എംഎൽഎ ഉദ്ഘാടനം ചെയ്യുമെന്നു വിശ്വാസ് സെക്രട്ടറി അഡ്വ. പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് വിപി. കുര്യാക്കോസ്, ഫാ. ഡോ. ജോസ്പോൾ എന്നിവർ അറിയിച്ചു.

മുൻ കലക്ടർ അലി അസ്ഗർ പാഷയുടെ സമയത്ത് ആരംഭിച്ച് ഒരു വർഷത്തിനിടയിൽ ബോധവൽക്കരണവും സഹായനടപടികളും ഉൾപ്പെടെ നിരവധി പരിപാടികൾ സംഘടിപ്പിച്ചു. ആസിഡ് വീണ് ശരീരം മുഴുവൻ പൊള്ളലേറ്റ കഞ്ചിക്കോട്ടെ അൽഫോൺസ എന്ന കുട്ടിയുടെ ചികിത്സാചെലവിനുള്ള മുഴുവൻ തുകയും വിശ്വാസ് മുൻകൈ എടുത്താണു സംഘടിപ്പിച്ചത്. രണ്ടാംവർഷത്തിൽ മറ്റു പ്രവർത്തനങ്ങൾ കൂടാതെ കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവരുടെ അവകാശങ്ങളെക്കുറിച്ച് അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും. മുൻ ഐജി വി.എൻ. രാജനെ ആദരിക്കും. വിശ്വാസിന്റെ ഹെൽപ് ലൈൻ നമ്പർ: 9400933444



പാലക്കാട്ട് വിശ്വാസ് ജില്ലാ ഓഫിസിന്റെ ഉദ്ഘാടനം ഷാഫി പറമ്പിൽ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

# വിശ്വാസിന്റെ ഓഫിസ് കലക്ടറേറ്റിൽ തുടങ്ങി

പാലക്കാട് ●. കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്കു നിയമസഹായം ഉൾപ്പെടെ നൽകാൻ ലക്ഷ്യമിട്ടുള്ള വിശ്വാസിന്റെ ഓഫിസ് ഷാഫി പറമ്പിൽ എംഎൽഎ കലക്ടറേറ്റിൽ ഉദ്ഘാടനം ചെയ്തു.

സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് എംഎൽഎ ഫണ്ടിൽ നിന്നു ലക്ഷം രൂപ നൽകുമെന്ന് അദ്ദേഹം അറിയിച്ചു. വിശ്വാസ് പ്രസിഡന്റ് കൂടിയായ കലക്ടർ കെ.രാമചന്ദ്രൻ അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ്, സെക്രട്ടറി അഡ്വ.പി. പ്രേംനാഥ്, ജില്ലാ സാമൂഹിക നീതി ഓഫിസർ കെ.മൃത്യുഞ്ജയൻ, ഫാ. ഡോ. ജോസ് പോൾ, മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.എ.ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി പ്രഫുല്ലദാസ്, എഡിഎം കെ.ഗണേഷ് എന്നിവർ പ്രസംഗിച്ചു.

# അർട്ടിസാൻസ് മഹിളാ സമാജം